بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്‌ബ സംഗ്രഹം 01.03.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

## ഉഹുദ് യുദ്ധ സംഭവ വികാസങ്ങൾ തുടർച്ച

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ ○ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ○ اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○ اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡھِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَا الضَّآلِّیۡنَ ○

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഉഹുദ് യുദ്ധ അവസ്ഥകളെ സംബന്ധിച്ച് പറയുന്നു: നബി(സ) പരിക്കേറ്റവരേയും ശുഹദാക്കളെയും ഒരുമിച്ചുകൂട്ടി. പരിക്കേറ്റവരുടെ മുറിവുകൾ കെട്ടി. ശുഹദാക്കളെ ഖബറടക്കാനുള്ള സംവിധാനം ചെയ്തു. ചില സ്വഹാബാക്കളെ ശഹീദാക്കുക മാത്രമല്ല; കാതും മൂക്കും ഛേദിച്ചിട്ടുണ്ടെന്ന് നബി(സ) കണ്ടപ്പോൾ സങ്കടം വരുകയുണ്ടായി. നബി(സ)ന്റെ പിതൃവ്യൻ ഹംസയും അതിൽ ഉണ്ടായിരുന്നു. നബി(സ) പറഞ്ഞു: കാഫിരീങ്ങൾ തങ്ങളുടെ ചെയ്തിയിലൂടെ പ്രതികാരത്തെ തങ്ങൾക്ക് അനുവദനീയമാക്കിയിരിക്കുന്നു. അതിനെ നമ്മൾ അനുവദനീയമായി ഗണിച്ചിരുന്നുമില്ല. ആ സമയത്ത് നബി(സ)യ്ക്ക് വഹ്‌യ് ഉണ്ടായി. കാഫിരീങ്ങൾ ചെയ്യുന്നത് ചെയ്തുകൊള്ളട്ടെ. നിങ്ങൾ എപ്പോഴും കാരുണ്യത്തിന്റേയും നീതിയുടേയും കോന്തല മുറുകെ പിടിക്കുവിൻ.

ഹദ്റത്ത് ഹംസ(റ)നെ ഖബറടക്കിയതിനെ സംബന്ധിച്ച് പറയുന്നു: അദ്ദേഹത്തെ ഒരൊറ്റ വസ്ത്രത്തിലാണ് കഫൻ ചെയ്തത്. തലഭാഗം മറക്കുമ്പോൾ കാൽ ഭാഗത്ത്നിന്ന് തുണി നീങ്ങിപ്പോകുമായിരുന്നു. കാലിന്റെ ഭാഗത്തേക്ക് തുണി വലിക്കുമ്പോൾ മുഖത്ത്നിന്ന് തുണി മാറിയിരുന്നു. നബി(സ) അപ്പോൾ പറഞ്ഞു: അദ്ദേഹത്തിന്റെ മുഖം മറയ്ക്കുകയും കാലിൽ പുല്ല് വെക്കുകയും ചെയ്യുക.

മരിച്ചവരുടെ അപദാനങ്ങൾ പറഞ്ഞ് കരഞ്ഞ് വിലപിക്കുന്നതിനെ നബി(സ) എത്രമാത്രം യുക്തിപരമായ രീതിയിലാണ് തടഞ്ഞതെന്ന് നോക്കുക. ഒരു നിവേദനത്തിൽ പറയുന്നു: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ.മാ) നിവേദനം ചെയ്യുന്നു. തിരുനബി(സ) ഉഹുദിൽനിന്ന് തിരിച്ചുവരുമ്പോൾ അൻസാർ സ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാരുടെ വേർപാടിൽ കരഞ്ഞു വിലപിക്കുന്നെണ്ടെന്ന് കേൾക്കുകയുണ്ടായി. നബി(സ) ചോദിച്ചു: ഹംസ(റ)ന് വേണ്ടി കരയാൻ ആരുമില്ലേ. അൻസാർ സ്ത്രീകൾ ഇതറിഞ്ഞപ്പോൾ അവർ ഹംസ(റ)ന്റെ ശഹാദത്തിൽ കരയാൻ ഒരുമിച്ചു കൂടുകയുണ്ടായി. നബി(സ)യ്ക്ക് ഇതിനിടയിൽ ഉറക്കം വന്നു. നബി(സ) മസ്ജിദിലോ അൽപം അകലെയോ ആയിരുന്നു. നബി(സ) ഉണർന്നപ്പോൾ സ്ത്രീകൾ കരഞ്ഞുകൊണ്ടേയിരിക്കുകയായിരുന്നു. നബി(സ) ചോദിച്ചു: ഇന്ന് ഇവർ ഹംസയുടെ പേരും പറഞ്ഞ് കരഞ്ഞുകൊണ്ടേയിരിക്കുമോ. നിർത്തുകയില്ലേ. അവരോട് തിരികെ പോകാൻ പറയുക. അങ്ങനെ നബി(സ) അവരോട് പിരിഞ്ഞു പോകാനും ഇന്നേക്ക് ശേഷം മരണപ്പെട്ട ആർക്കുവേണ്ടിയും വിലാപം അരുതെന്നും നിർദേശിച്ചു. വളരെ യുക്തിസഹമായി നബി(സ) അൻസാർ സ്ത്രീകളെ മാനിക്കുകയുണ്ടായി. അവരെ തങ്ങളുടെ ഭർത്താക്കന്മാരുടേയും സഹോദരന്മാരുടേയും വേർപാടിൽ കരയുന്നതിൽനിന്ന് തടയുന്നതിനു പകരം ഹംസ(റ)നെപറ്റിയാണ് പറഞ്ഞത്. അദ്ദേഹത്തിന് വേണ്ടി കരയാൻ ആരുമില്ലായിരുന്നു. ഹദ്റത്ത് ഹംസയുടെ ശഹാദത്തിൽ മൃതദേഹം അനാദരിച്ചത് കണ്ടപ്പോൾ നബി(സ) അതീവ ദുഃഖിതനായി. പക്ഷെ അൻസാർ സ്ത്രീകൾ വിലാപം നിർത്തുന്നില്ലെന്ന് കണ്ടപ്പോൾ നബി(സ) ഈ ഒരു ആചാരത്തെതന്നെ അവസാനിപ്പിക്കുകയുണ്ടായി. സ്വന്തം മാതൃക കാണിക്കുകയും അവരോട് ക്ഷമ കൈകൊള്ളാൻ ഉപദേശിക്കുകയും ചെയ്തു. ഈ ഉപദേശം ഫലപ്രദമായിരുന്നു. അതേ സമയം നബി(സ)യ്ക്ക് ഹദ്റത്ത് ഹംസ(റ)ന്റെ വേർപാടിൽ ഉണ്ടായിരുന്ന വേദന അവസാനംവരെയും നിലനിന്നു. എപ്പോഴും അതേപറ്റി പറയുകയും ചെയ്തിരുന്നു.

ഹദ്റത്ത് മുസ്അബിന്റെ ഖബറടക്കത്തെപ്പറ്റി പറയുന്നു: നബി(സ) ഹദ്റത്ത് മുസ്അബിന്റെ മൃതശരീരത്തിനടുത്ത് എത്തി. അദ്ദേഹത്തിന്റെ മൃതദേഹം കമഴ്ന്നു കിടക്കുന്ന അവസ്ഥയിലായിരുന്നു.

നബി(സ) അദ്ദേഹത്തിന്റെ അടുക്കൽനിന്ന് ഈ ആയത്ത് പാരായണം ചെയ്തു. അല്ലാഹുവുമായി ചെയ്ത കരാർ പാലിച്ച ചിലയാളുകൾ ആ സത്യ വിശ്വാസികളിലുണ്ട്. അങ്ങനെ അവരിൽ ചിലർ തങ്ങളുടെ പ്രതിജ്ഞ നിറവേറ്റി. അവരിൽ മറ്റ് ചിലർ അവസരം കാത്തിരിക്കുന്നു. തുടർന്ന് നബി(സ) പറഞ്ഞു: നിങ്ങൾ ഖിയാമത്ത് ദിവസവും അല്ലാഹുവിന്റെ സവിധത്തിൽ ശുഹദാക്കളായിരിക്കുമെന്ന് അല്ലാഹുവിന്റെ റസൂൽ സാക്ഷ്യം നൽകുന്നു. തുടർന്ന് നബി(സ) സ്വഹാബാക്കളോട് പറഞ്ഞു: അവരെ സന്ദർശിച്ച് അവർക്ക് സലാം പറയുക. ആരുടെ കൈകളിലാണോ എന്റെ ജീവനുള്ളത് അവനാണെ സത്യം, ഖിയാമത്ത്വരേയും അവർക്ക്മേൽ സലാം പറയുന്നവർക്ക് ഇവർ മറുപടി നൽകുന്നതാണ്.

ഉഹുദ് യുദ്ധ ദിവസം നബി(സ) സ്വഹാബാക്കളെ മറവടക്കിയതിനുശേഷം എല്ലാവരേയും ഒരുമിച്ചു കൂട്ടി ഇപ്രകാരം ദുആ ചൊല്ലി. അല്ലാഹുവേ, നീ വിശാലമാക്കിയത് തടയാൻ ആർക്കും സാധ്യമല്ല. നീ തടയുന്നത് ആർക്കും വിശാലമാക്കാനും കഴിയില്ല. നീ വഴികേടിലാക്കിയവന് സന്മാർഗം നൽകാനും ആർക്കും കഴിയില്ല. നീ സന്മാർഗം നൽകുന്നവരെ ആർക്കും ദുർമാർഗത്തിലാക്കാനും സാധ്യമല്ല. നീ തടയുന്ന കാര്യങ്ങൾ നൽകാൻ ആരുമില്ല. നീ നൽകുന്ന കാര്യങ്ങൾ തടയാനാർക്കും സാധ്യമല്ല. നീ അകറ്റുന്നവനെ ആർക്കും സമീപസ്ഥനാക്കാൻ കഴിയില്ല. നീ സമീപസ്ഥനാക്കിയവനെ ആർക്കും അകറ്റാനും കഴിയില്ല.... അല്ലാഹുവേ ഞങ്ങളെ മുസ്‌ലിംകളായിരിക്കുന്ന അവസ്ഥയിൽ മരിപ്പിക്കേണമേ. മുസ്‌ലിംകളായിരിക്കുന്ന അവസ്ഥയിൽ ഞങ്ങൾക്ക് പുനരുദ്ധാനം നൽകേണമേ. ഞങ്ങളെ നന്മയുള്ളവരുടെ കൂടെ ചേർക്കേണമേ. ഞങ്ങളെ നിന്ദ്യരാക്കരുതേ. ഞങ്ങളെ പരീക്ഷണത്തിൽ അകപ്പെടുത്തരുതേ. അല്ലാഹുവേ നിന്റെ ദുതന്മാരെ കളവാക്കുകയും നിഷേധിക്കുകയും നിന്റെ മാർഗത്തിൽനിന്ന് വിലക്കുകയും ചെയ്യുന്നവരെ നശിപ്പിക്കേണമേ. അവർക്ക്മേൽ നിന്റെ ശിക്ഷയും ഇറക്കേണമേ. അല്ലാഹുവേ അഹ്‌ലെ കിതാബിലെ കാഫിരീംകളെ നശിപ്പിക്കേണമേ. ആമ്മീൻ.

ഉഹുദ് യുദ്ധത്തിൽ സ്വഹാബിയ്യത്ത് സേവനത്തിൽ ഭാഗഭാക്കായിരുന്നു. ഹദ്റത്ത് ഉമ്മു സൽമ ഉഹുദ് യുദ്ധത്തിൽ പങ്കെടുത്തതായി പരാമർശങ്ങൾ കാണാൻ സാധിക്കുന്നുണ്ട്. നിവേദകൻ പറയുന്നു. ഉഹുദ് ദിവസം ഞാൻ ഹദ്റത്ത് ആയിശ സിദ്ദീഖയേയും ഉമ്മു സലീമിനേയും(റ) കണ്ടിരുന്നു. അവർ പാത്രങ്ങളിൽ വെള്ളം നിറച്ച് കൊണ്ടുവന്ന് ദാഹമുള്ളവർക്ക് കുടിപ്പിക്കുകയും ചെയ്തിരുന്നു.

ഹദ്റത്ത് അബൂസഈദ് ഖുദ്‌രിയുടെ മാതാവ് ഉമ്മു സുലൈത്തും ഹദ്റത്ത് ഉമ്മു അത്വീയയും(റ) ഇതേ സേവനങ്ങൾ ചെയ്തുകൊണ്ടിരുന്നു. എന്നാൽ മറ്റ് ചില സ്ത്രീകൾ അമ്പും വാളുകുളുമേന്തി ശത്രുക്കളോട് നേർക്ക് നേർ യുദ്ധം ചെയ്യുകയുമുണ്ടായി. അവരിൽ ഒരാൾ ഉമ്മു അമ്മാറ(റ) യാണ്. ഹദ്റത്ത് ഫാത്തിമ(റ) തിരുനബിയുടെ മുറിവുകൾ കഴുകഴുകിയ പരാമർശം കാണുന്നു. ഹദ്റത്ത് ആയിശ(റ) ഉഹുദിലെ വിവരങ്ങൾ അറിയുന്നതിന്‌വേണ്ടി മദീനയിലെ സ്ത്രീകളോടൊപ്പം വീടിനു പുറത്തേക്ക് വന്നു. ആയിശ വഴിയിൽ അബ്ദുല്ലാഹ് ബിൻ അംറിന്റെ സഹോദരി ഹിന്ദ് ബിൻത് അംറിനെ കണ്ടുമുട്ടി. ഹദ്റത്ത് ഹിന്ദ് തന്റെ ഒട്ടകത്തെ തെളിച്ച് വരികയായിരുന്നു. ഒട്ടകത്തിന്റെ മുകളിൽ അവരുടെ ഭർത്താവിന്റെയും മകന്റെയും സഹോദരന്റെയും മൃതദേഹങ്ങൾ ഉണ്ടായിരുന്നു. ഹദ്റത്ത് ആയിശ രണാങ്കണത്തിലെ വാർത്തകൾ അവരോട് ചോദിച്ചു. അപ്പോൾ ഹദ്റത്ത് ഹിന്ദ് പറഞ്ഞു. നബി തിരുമേനി(സ) സുഖമായിരിക്കുന്നു. നബി(സ) ഉണ്ടെങ്കിൽ പിന്നെ എല്ലാ മുസീബത്തും എളുപ്പമായി തീരുന്നതാണ്. തന്റെ അടുത്ത മൂന്ന് ബന്ധുക്കളായ ഭർത്താവിന്റെയും മകന്റെയും സഹോദരന്റെയും മൃതദേഹങ്ങൾ വഹിച്ചുകൊണ്ട് വരികയാണ്. പക്ഷെ ചോദിച്ചപ്പോൾ പറയുന്നത് നബി(സ) സൗഖ്യത്തിൽ ആണെങ്കിൽ പിന്നെ എല്ലാം നല്ലതാണ്. ഇവരെ ഞാൻ ഇപ്പോൾ മറവടക്കുന്നതാണ്. നബി(സ) സൗഖ്യത്തിൽ ആണെങ്കിൽ പിന്നെ മറ്റൊരു പ്രശ്നവും തന്നെയില്ല.

ഹദ്റത്ത് ഉമ്മെ അമ്മാറ നിവേദനം ചെയ്യുന്നു. ഉഹുദ് യുദ്ധത്തിൽ നബി(സ)യുടെ അടുക്കൽ കുറച്ചു സ്വഹാബത്ത് മാത്രമേ ബാക്കിയുണ്ടായിരുന്നുള്ളൂ. ആ സമയത്ത് ഞാൻ അതിവേഗം നബി(സ) യുടെ അടുക്കലെത്തി. നബി(സ)യുടെ അടുക്കൽ ശത്രുക്കൾ എത്തുന്നത് ഞാൻ വാളുകൊണ്ട് തടഞ്ഞുകൊണ്ടിരുന്നു. അതോടൊപ്പം അമ്പുകൾ എയ്യുന്നുമുണ്ടായിരുന്നു. അവസാനം ഇതേ അവസ്ഥയിൽ എനിക്കും പരിക്ക് പറ്റി.

ഹദ്റത്ത് ഉമ്മു അയ്മൻ സൈന്യത്തിൽ പരിക്കേറ്റവർക്ക് വെള്ളം നൽകുകയായിരുന്നു. ഒരു മുശ്‌രിക്ക് അവർക്ക് നേരെ അമ്പെയ്തു. അങ്ങനെ അവർ വീണു. അത് കണ്ടു ആ നിഷേധി ചിരിക്കുകയുണ്ടായി. അത് കണ്ട് നബി(സ) ഹദ്റത്ത് സഅദ് ബിൻ അബീ വഖാസിന് മുനയില്ലാത്ത ഒരു അമ്പ് കൊടുത്തുകൊണ്ട് പറഞ്ഞു: ഇത് എയ്യുക.

ഹദ്റത്ത് സഅദ് അത് എയ്തപ്പോൾ പ്രസ്തുത അമ്പ് ഹബാന്റെ നെഞ്ചിൽ തറച്ച് അയാൾ മലർന്നടിച്ച് വീഴുകയും അയാളുടെ നഗ്നത വെളിപ്പെടുകയും ചെയ്തു. അപ്പോൾ നബി(സ) പുഞ്ചിരി തൂകി. നബി(സ) സന്തോഷിക്കുകയും പുഞ്ചിരിക്കുകയും ചെയ്തത് അല്ലാഹുവിന്റെ ഔദാര്യം ഓർത്തുകൊണ്ടായിരുന്നു. അല്ലാഹു ഒരു കഠിന ശത്രുവിനെ മുനയില്ലാത്ത അമ്പ്കൊണ്ട് വഴിയിൽനിന്ന് മാറ്റുകയുണ്ടായി. അത് ഒരു കണക്കിന് നീളമുള്ള വടിയായിരുന്നു. അതാണ് അയാളെ കൊന്നത്.

ഒരു ഗ്രന്ഥകാരൻ നബി(സ)യുടെ ധൈര്യത്തെയും ഉൾകാഴ്ചയെയും കുറിച്ച് വിവരിച്ച് എഴുതുന്നു. ഖാലിദ് ബിൻ വലീദിന്റെ നേതൃത്വത്തിൽ ഖുറൈശി കുതിരപ്പടയാളികൾ അബ്ദുല്ലാഹ് ബിൻ ജുബൈറിനെയും കൂട്ടാളികളെയും ശഹീദാക്കി മുസ്‌ലിം സൈന്യത്തിന്റെ പിന്നിലൂടെ രംഗത്തേക്ക് വന്നു. പരീക്ഷണത്തിന്റെ ആ ഘട്ടത്തിലും ധൈര്യത്തിന്റെ അനന്യവും ആശ്ചര്യാവഹവുമായ മാതൃകയാണ് കാണിച്ചത്. നബി(സ) തന്റെ ജീവനെ അപകടത്തിൽ പെടുത്തിക്കൊണ്ട് സ്വഹാബാക്കളുടെ ജീവൻ രക്ഷിക്കാൻ തീരുമാനിച്ചു. വളരെ ഉച്ചത്തിൽ സ്വഹാബാക്കളെ വിളിച്ചുകൊണ്ടിരുന്നു. അല്ലാഹുവിന്റെ ദാസന്മാരെ ഇങ്ങോട്ട് വരുവിൻ. നബി(സ)യുടെ ശബ്ദം രണാങ്കണത്തിൽ മുഖരിതമായി. സ്വഹാബാക്കൾക്കും കാര്യങ്ങളുടെ ദുർബലാവസ്ഥയെ സംബന്ധിച്ച് തിരിച്ചറിവുണ്ടായി. അവർ ഒരുപാട് ദൂരത്തായിരുന്നു. അതുകൊണ്ട് അവർക്ക് മുമ്പെ ഖുറൈശി കുതിരപ്പടയാളികളുടെ ഒരു സംഘം നബി(സ)യെ അക്രമിച്ചു. മറ്റു കുതിരപ്പടയാളികൾ വളരെ വേഗം മുസ്‌ലിംങ്ങളെ വളയാൻ തുടങ്ങി.

തിരുനബി(സ) പരിക്കേറ്റ അവസ്ഥയിലും ബോധക്ഷയം ഉണ്ടാകാതെ സ്വഹാബാക്കൾക്ക് വേണ്ട മാർഗനിർദേശം നൽകുകയും അവർക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുന്നതിനെക്കുറിച്ചും വിവരണങ്ങൾ ഉണ്ട്. ഉത്ബ ബിൻ അബീ വഖാസ് നബി(സ)യുടെ നേരെ ഒരു കല്ല് എറിയുകയുണ്ടായി. അത് നബി(സ)യുടെ മുഖത്താണ് കൊണ്ടത്. നബി(സ)യുടെ മുന്നിലെ താഴെയുള്ള രണ്ട് പല്ലുകൾ അതായത് കൂർത്ത പല്ലുകൾക്കിടയിലുള്ള രണ്ടെണ്ണം പൊട്ടിപ്പോയി. മാത്രമല്ല കീഴ്ചുണ്ടിന് മുറിവേറ്റു.

നബി(സ) ഉത്ബ ബിൻ അബീ വഖാസിനെതിരിൽ ഇങ്ങനെ ദുആ ചെയ്തു. അല്ലാഹുവെ ഒരു വർഷം പൂർത്തിയാകുന്നതിന് മുമ്പെ ഇയാൾക്ക് കാഫിറായ അവസ്ഥയിൽ തന്നെ മരണം നൽകേണമേ. അല്ലാഹു നബി(സ)യുടെ ഈ ദുആ സ്വീകരിച്ചു. അയാളെ അന്നേ ദിവസം തന്നെ ഹാത്തിബ് ബിൻ അബി ബൽത്തഅ കൊല്ലുകയുണ്ടായി.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് സിറിയയിലെ ബഹുമാന്യ ഗുസ്സാൻ ഖാലിദ് അന്നഖീബ് സാഹിബിനേയും അൽഹകം ആർക്കൈവ് വിഭാഗത്തിലെ മുറബ്ബി സിൽസിലയായ ജലീസ് അഹ്മദ് സാഹിബിന്റെ ഭാര്യ നൗശാബ മുബാറക് സാഹിബയേയും റബ്‌വയിലെ അബ്ദുൽ ഹമീദ് ഖാൻ സാഹിബിന്റെ ഭാര്യ റസിയ സുൽത്താന സാഹിബയേയും ലാഹോറിലെ ഡോ. മുഹമ്മദ് സലീം സാഹിബിന്റെ ഭാര്യ ബുശ്റബീഗം സാഹിബയേയും നോർവേയിലെ റശീദ് അഹ്മദ് ചൗധരി സാഹിബിനേയും അനുസ്മരിക്കുകയും അവരുടെ ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയുമുണ്ടായി.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ ۔ وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ ۔ عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ ۔

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 01.03.2024
Malayalam Translation & layout: **Moulavi T. Jamshad Mukkam**
Typing: M.P. Abdul Latheef Puthoormadam, For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516